# എന്റെ പ്രിയപ്പെട്ട കുഞ്ഞേ!

നീ എന്നെ അറിയുന്നില്ലെങ്കിലും  നിന്നെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ഞാൻ നന്നായിട്ട് അറിയുന്നു. (സങ്കീ. 139:1)
നീ ഇരിക്കുന്നതും എഴുന്നേല്ക്കുന്നതുപോലും ശ്രദ്ധിക്കുന്ന ഞാൻ നിന്റെ എല്ലാ വഴികളെക്കുറിച്ചും തികച്ചും പരിചിതനാണ്. (സങ്കീ. 139:2)
നിന്റെ തലയിലെ മുടികൾ പോലും എണ്ണപ്പെട്ടിരിക്കുന്നു. (മത്താ. 10:29-31)
എന്റെ സാദൃശ്യത്തിൽതന്നെയാണല്ലോ നീ സൃഷ്ടിക്കപ്പെട്ടത്. (ഉല്പ. 1:27)
എന്റെ സന്താനമായ നീ ജീവിക്കുന്നതും ചലിക്കുന്നതും നിലനിൽക്കുന്നതും എന്നിൽ തന്നെയാണല്ലോ. (അ.പ്ര. 17:28)
നിന്റെ അമ്മയുടെ ഉദരത്തിൽ നീ ഉരുവാകുംമുമ്പ് നിന്നെ ഞാൻ കാണുകയും (യിര. 1:4-5) സൃഷ്ടിപ്പിനു പദ്ധതിയിട്ടപ്പോൾ തന്നെ നിന്നെ തിരഞ്ഞെടുക്കുകയും ചെയ്തതാണ്. (എഫെ. 1:11-12)
നിന്റെ ജനനം ഒരിക്കലും ഒരു യാദൃശ്ചിക സംഭവം ആയിരുന്നില്ല. (സങ്കീ. 139:15-16)
നിന്റെ ദിനങ്ങൾ എല്ലാം എന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിരുന്നു. (സങ്കീ. 139:15-16)
നിന്റെ ജനനത്തിന്റെ കൃത്യസമയം നിർണ്ണയിച്ച ഞാൻ നീ ഭൂമിയിൽ എവിടെ ജീവിക്കണം എന്നും ഞാൻ തീരുമാനിച്ചു. (അ.പ്ര. 17:26)
അമ്മയുടെ ഉദരത്തിൽ ഭയങ്കരവും അതിശയകരവുമായി സൃഷ്ടിക്കപ്പെട്ട നീ തക്കസമയത്ത് ഭൂമിയിൽ പിറന്ന് വീണതും എന്റെ നിർണ്ണയപ്രകാരം തന്നെയായിരുന്നു. (സങ്കീ. 139:13-14)
കുഞ്ഞേ, എന്നെ അറിയാത്തവർ എന്നെ കോപിഷ്ഠനായ വിദൂരതയിൽ കഴിയുന്ന ഒരുവനായി തെറ്റായ നിലയിൽ ചിത്രീകരിച്ചിട്ടു്. (യോഹ. 8:41-44)
എന്നാൽ സ്നേഹത്തിന്റെ മൂർത്തീഭാവമായ ഈ നിന്റെ പിതാവ് ആ സ്നേഹം നിന്നിൽ ചൊരിയുവാൻ എത്രമാത്രം കൊതിക്കുന്നു്. (1 യോഹ. 3:1)
ലോകത്തിലെ ഏതു പിതാവിനും നൽകാൻ കഴിയുന്നതിലും അധികം സ്നേഹവാൽസല്യങ്ങൾ നിനക്കു നൽകുവാൻ എനിക്കു കഴിയും. (മത്താ. 7:11)
കാരണം ഞാൻ മാത്രമാണ് സമ്പൂർണ്ണനായ പിതാവ്. (മത്താ. 5:48)
നിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ കഴിയുന്ന എന്നിൽ നിന്നാണ് നീ എല്ലാ നല്ല ദാനങ്ങളും കൈക്കൊള്ളുന്നത്. (യാക്കോ. 1:17), (മത്താ. 6:31-33)
നിന്റെ ഭാവിയെക്കുറിച്ചുള്ള എന്റെ പദ്ധതികൾ എല്ലാം പ്രത്യാശാ നിർഭരമാണ്. (യിര. 29:11)
നിത്യസ്നേഹം കൊ് ഞാൻ നിന്നെ സ്നേഹിക്കുന്നു. (യിര. 31:3)
കടൽക്കരയിലെ മണൽ പോലെ അസംഖ്യമാണ് നിന്നെക്കുറിച്ചുള്ള എന്റെ വിചാരങ്ങൾ. (സങ്കീ. 139:17-18)
നിന്നെ ഓർക്കുമ്പോൾ എന്റെ ഹൃദയം ആനന്ദഗീതത്താൽ നിറയുന്നു. (സെഫ. 3:17)
നീ എന്റെ അമൂല്യ സമ്പത്താകയാൽ നിനക്ക് എത്ര നന്മ ചെയ്താലും എനിക്ക് മതിവരുകയില്ല. (യിര. 32:40)
നിന്നെ അചഞ്ചലനായി ഉറപ്പിച്ചു നിർത്തുവാൻ ഞാൻ എന്തുമാത്രം കൊതിക്കുന്നു. (പുറ. 19:5)
വലുതും അത്ഭുതകരവുമായ കാര്യങ്ങൾ നിന്നെ കാണിക്കുവാൻ എനിക്ക് ആഗ്രഹമു്. (യിര. 33:3)
പൂർണ്ണ ഹൃദയത്തോടെ നീ അന്വേഷിച്ചാൽ നിശ്ചയമായും എന്നെ കത്തെും. (ആവ. 4:29)
എന്നിൽതന്നെ പ്രമോദിച്ചുകൊൾക. നിന്റെ ഹൃദയത്തിന്റെ ആഗ്രഹങ്ങൾ ഞാൻ സാധിപ്പിച്ച് തരാം. (സങ്കീ. 37:4)
ഞാൻ തന്നെയാണല്ലോ ആ ആഗ്രഹങ്ങൾ നിന്റെ ഉള്ളിൽ തന്നത്. (ഫിലി. 2:13)
നിനക്ക് ഭാവനയിൽ കാണാൻ കഴിയുന്നതിലും അധികം കാര്യങ്ങൾ ചെയ്തുതരാൻ ഞാൻ ശക്തനാണ്. (എഫെ. 3:20)
നിന്റെ എല്ലാ കഷ്ടങ്ങളിലും ആശ്വാസം നൽകുന്ന നിന്നെ ധൈര്യപ്പെടുത്തുന്ന പിതാവാണ് ഞാൻ. (2 തെസ്സ. 2:16-17)
ഹൃദയം തകർന്നിരിക്കുമ്പോൾ ഞാൻ അടുത്തു്. (സങ്കീ. 34:18)
ഒരിടയൻ കുഞ്ഞാടിനെ മാറോട് ചേർത്ത്കൊള്ളുന്നതു പോലെ ഞാൻ നിന്നെ വഹിച്ചിരിക്കുന്നു. (യെശ. 40:11)
ഒരു ദിവസം നിന്റെ കണ്ണിൽനിന്നും എന്നെന്നേയ്ക്കുമായി ഞാൻ കണ്ണുനീർ തുടച്ചുകളയും. (വെളി. 21:3-4)
ഈ ഭൂമിയിൽ നീ സഹിച്ച വേദന എല്ലാം അന്ന് മാറും. (വെളി. 21:3-4)
എന്റെ പുത്രനായ യേശുവിനെ ഞാൻ സ്നേഹിക്കുന്നതുപോലെ നിന്റെ പിതാവായ ഞാൻ നിന്നെയും സ്നേഹിക്കുന്നു. (യോഹ. 17:23)
നിന്നോടുള്ള എന്റെ സ്നേഹം യേശുവിലാണ് വെളിപ്പെടുത്തിയത്. (യോഹ. 17:26)
എന്റെ പുത്രനായ യേശു മാത്രമാണ് എന്നെ പൂർണ്ണമായ അളവിൽ പ്രതിനിധാനം ചെയ്യുന്നത്. (എബ്രാ. 1:13)
ഞാൻ നിന്റെ ശത്രുവല്ല. മറിച്ചു മിത്രമാണ് എന്ന് കാണിക്കുവാനാണ് യേശു വന്നത്. (റോമ. 8:31)
നിന്റെ പാപങ്ങളെ ഞാൻ കണക്കിടുന്നില്ല എന്ന് അവൻ പറഞ്ഞില്ലെ. (2 കൊരി. 5:18-19)
ഞാനും നീയും ഹൃദയംഗമായി അടുക്കുവാനായിട്ടാണ് യേശു മരിച്ചത്. (2 കൊരി. 5:18-19)
അവന്റെ മരണം എനിക്ക് നിന്നോടുള്ള അതുല്യസ്നേഹത്തിന്റെ പ്രതിഫലനമായിരുന്നു. (1 യോഹ. 4:10)
നിന്റെ സ്നേഹം സമ്പാദിക്കാൻ ഞാൻ സ്നേഹിച്ചിരുന്ന വിലപ്പെട്ടതെല്ലാം ഉപേക്ഷിച്ചതാണ്. (റോമ. 8:31-32)
എന്റെ പുത്രനെന്ന ദാനം നീ സ്വീകരിക്കുമ്പോൾ എന്നെയാണ് നീ സ്വീകരിക്കുന്നത്. (1 യോഹ. 2:23)
എന്റെ സ്നേഹത്തിൽ നിന്ന് നിന്നെ ഇനി ഒന്നും വേർപിരിക്കുകയില്ല. (റോമ. 8:38-39)
എന്റെ ഭവനത്തിലേയ്ക്ക് വരൂ! സ്വർഗ്ഗം കിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ വിരുന്ന് നിനക്കായി കാത്തിരിക്കുന്നു. (ലൂക്കോ. 15:7)
ഞാൻ എന്നും ഈ വിധത്തിലുള്ള ഒരു പിതാവായിരുന്നു. ഇനി എന്നും അങ്ങനെ തന്നെയായിരിക്കുകയും ചെയ്യും. (എഫെ. 3:14-15)
നീ എന്റെ മകനായി തീരുമോ? ഇതാണെന്റെ ചോദ്യം... (യോഹ. 1:12-13)
കുഞ്ഞേ, ഞാൻ നിനക്കായി കാത്തിരിക്കുന്നു. (ലൂക്കോ. 15:11-32)

## *സ്നേഹനിധിയായ നിന്റെ പിതാവ്*

## സർവ്വശക്തനായ ദൈവം